# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 31**

---

## എംജി സർവകലാശാല ബിരുദ, ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ; ജൂൺ ഏഴു വരെ രജിസ്റ്റർ ചെയ്യാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ, ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലും സർവകലാശാലയുടെ ഗ്രാജ്വേറ്റ് സ്കൂളിന്റെ 4+1 ഓണേഴ്സ് പ്രോഗ്രാമുകളിലും പ്രവേശനത്തിന് ജൂൺ ഏഴുവരെ ഓൺലൈനിൽ(*cap.mgu.ac.in*) രജിസ്റ്റർ ചെയ്യാം.*

*കോട്ടയം,എറണാകുളം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി 258 അഫിലിയേറ്റഡ് കോളജുകളാണ് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കുള്ളത്. എയ്ഡഡ് കോളജുകളിലെ കമ്യൂണിറ്റി മെറിറ്റ് , മാനേജ്മെന്റ് ക്വാട്ട, സ്പോർട്സ്, ഭിന്നശേഷി ക്വാട്ടകൾ എന്നിവയിൽ പ്രവേശനം തേടുന്നവരും ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം.*

*ഓൺലൈൻ അപേക്ഷയിൽ പിശകുകൾ ഉണ്ടാകുന്ന പക്ഷം ജൂൺ 12, 13 തീയതികളിൽ തിരുത്തലുകൾ വരുത്താം. ഇതോടൊപ്പം ഓപ്ഷനുകൾ ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ പുനഃക്രമീകരിക്കുകയോ ചയ്യാം. സാധ്യതാ അലോട്ട്മെന്റ് ജൂൺ 12നും ആദ്യ അലോട്ട്മെന്റ് ജൂൺ 18നും പ്രസിദ്ധീകരിക്കും.*

*സ്പോർട്സ്, കൾച്ചറൽ, വികാലംഗ ക്വാട്ടകളിലെ താത്കാലിക റാങ്ക് ലിസ്റ്റ് ജൂൺ 11നും അന്തിമ റാങ്ക് ലിസ്റ്റ് ജൂൺ 13നും പ്രസിദ്ധീകരിക്കും. ഈ ക്വാട്ടകളിലെ പ്രവേശനം ജൂൺ 13, 14 തീയതികളിൽ കോളജുകളിൽ നടക്കും.*

*(പി.ആർ.ഒ/39/1633/2025)*

## പി.ജി, ബി.എഡ് ഏകജാലകം; രജിസ്ട്രേഷൻ ജൂൺ 10 വരെ

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിന് ജൂൺ 10 വരെ* cap.mgu.ac.in *ൽ രജിസ്റ്റർ ചെയ്യാം. സാധ്യതാ അലോട്ട്മെന്റ് ജൂൺ 16നും ഒന്നാം അലോട്ട്മെന്റ് ജൂൺ 24നും പ്രസിദ്ധീകരിക്കും.*

*സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലെ താത്കാലിക റാങ്ക് ലിസ്റ്റ് ജൂൺ 20നും അന്തിമ ലിസ്റ്റ് ജൂൺ 25നും പ്രസിദ്ധീകരിക്കുകയും പ്രവേശനം ജൂൺ 25, 26 തീയതികളിൽ കോളജുകളിൽ നടത്തുകയും ചെയ്യും.*

*(പി.ആർ.ഒ/39/1634/2025)*

## സർവകലാശാലാ കാമ്പസിൽ പി.ജി; അപേക്ഷിക്കാൻ രണ്ടു ദിവസം കൂടി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററുകളിലെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് നാളെ(ജൂൺ 2) വൈകുന്നേരം വരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം. എംഎ, എംഎസ്സി, എംടിടിഎം, എൽഎൽഎം. എംഎഡ്, എംപി.ഇഎസ്, എംബിഎ എന്നിവയാണ് പ്രോഗ്രാമുകൾ.*

*എം.ബി.എ ഒഴികെയുള്ള പ്രോഗ്രാമുകളിലേയ്ക്ക്* www.cat.mgu.ac.in *എന്ന വെബ്സൈറ്റ് വഴിയും എം.ബി.എയ്ക്ക്* admission.mgu.ac.in *എന്ന വെബ്സൈറ്റ് വഴിയുമാണ് അപേക്ഷ നൽകേണ്ടത്.*

*പ്രവേശന പരീക്ഷ ജൂൺ എട്ട്, ഒൻപത് തീയതികളിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കേന്ദ്രങ്ങളിൽ നടക്കും. എംബിഎയ്ക്ക് സിമാറ്റ്/ക്യാറ്റ്/കെമാറ്റ് പരീക്ഷ, ഗ്രൂപ്പ് ഡിസ്കഷൻ, അഭിമുഖം എന്നിവയിലെ സ്കോർ പരിഗണിച്ചാണ് പ്രവേശനം.*

*(പി.ആർ.ഒ/39/1635/2025)*

## ദുരന്ത ലഘൂകരണം; യു.എൻ സമ്മേളനത്തിൽ ഡോ. കെ.ആർ. ബൈജു പങ്കെടുക്കും

*ആഗോളതലത്തിൽ ദുരന്ത സാധ്യത കുറയ്ക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഐക്യ രാഷ്ട്ര സഭ നാളെ(ജൂൺ രണ്ട്)മുതൽ ജൂൺ ആറു വരെ ജനീവയിൽ നടത്തുന്ന ആഗോള സമ്മേളനത്തിൽ മഹാത്മാ ഗാന്ധി സർവ*

*കലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ പ്രഫസറും ഡീനുമായ ഡോ. കെ.ആർ. ബൈജു പങ്കെടുക്കും.*

*ഐക്യരാഷ്ട്ര സഭയുടെ സെൻഡായി ഫ്രെയിം വർക്ക് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പ്രവർത്തന പദ്ധതിയുടെ നിർവഹണ പുരോഗതി വിലയിരുത്തുന്ന എട്ടാമത് സമ്മേളനത്തിൽ ഇന്ത്യയിലെ അക്കാദമിക സമൂഹത്തിന്റെ പ്രതിനിധികളിലൊരാളായ ഇദ്ദേഹം ദുരന്ത സാധ്യതാ ലഘൂകരണ പ്രവർത്തനങ്ങളിൽ മഹാത്മാ ഗാന്ധി സർവകലാശാലയുടെ പങ്കാളിത്തത്തെക്കുറിച്ച് സംസാരിക്കും.*

*സമ്മേളനത്തിൽ പങ്കെടുക്കുന്നത് സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ടു നടത്തിവരുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും അന്താരാഷ്ട്ര സഹകരണത്തിനും സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം ഇന്ത്യയുടെ പ്രഥമ ശൈത്യകാല ധ്രുവ പര്യവേഷണ സംഘത്തിൽ അംഗമായിരുന്ന ഡോ. ബൈജു ആർട്ടിക് സ്റ്റേഷൻ ലീഡറായും പ്രവർത്തിച്ചിരുന്നു.*

*(പി.ആർ.ഒ/39/1636/2025)*

## ഇംഗ്ലീഷ് ഭാഷയെ അടുത്തറിഞ്ഞ് സ്കൂൾ വിദ്യാർഥികൾ

*ഇംഗ്ലീഷ് ഭാഷയെയും സാഹിത്യത്തെയും കൂടുതലായി അറിയാൻ സ്കൂൾ വിദ്യാർഥികൾക്ക് അവസരമൊരുക്കി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിച്ച പ്രത്യേക പരിശീലന പരിപാടി സമാപിച്ചു. മൂന്നാഴ്ച്ച നീണ്ടു നിന്ന പരിപാടിയിൽ എട്ടു മുതൽ പ്ലസ് ടൂ വരെ ക്ലാസുകളിലെ  പതിനെട്ട് വിദ്യാർഥികൾ പങ്കെടുത്തു.*

*ചലച്ചിത്ര സംവിധായകരായ ദിലീഷ് പോത്തൻ, സിദ്ധാർത്ഥ ശിവ, കവയത്രി ആനി ജോർജ് തുടങ്ങിയവർ വിദ്യാർഥികളുമായി സംവദിച്ചു. കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള ആശയ വിനിമയ ശേഷി വർധിപ്പിക്കുന്നതിനും സാഹിത്യാഭിരുചി പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് പരിപാടി നടത്തിയത്.*

*സമാപനച്ചടങ്ങിൽ സർവകലാശാലയിലെ വൈക്കം മുഹമ്മദ് ബഷീർ ചെയർ പ്രഫസർ പ്രഫ. കെ.എം. കൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. സജി മാത്യു അധ്യക്ഷനായിരുന്നു.  ഡോ. ദീപ റേച്ചൽ തോമസ്, ഡോ. ലിൻസി കെ. തങ്കപ്പൻ എന്നിവർ സംസാരിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ..*

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിച്ച ഇംഗ്ലീഷ് പരിശീലന പരിപാടിയിൽ പങ്കെടുത്ത സ്കൂൾ വിദ്യാർഥികൾ ചലച്ചിത്ര*

*സംവിധായകനും നടനുമായ ദിലീഷ് പോത്തൻ, ഡോ. കെ.എം കൃഷ്ണൻ, വകുപ്പ് ഡയറക്ടർ ഡോ. സജി മാത്യു എന്നിവർക്കൊപ്പം.*

*(പി.ആർ.ഒ/39/1637/2025)*

## പ്രൊജക്റ്റ് ഇവാലുവേഷൻ

*നാലാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ് മെയ് 2025) വൈവ, പ്രൊജക്ട് ഇവാലുവേഷൻ പരീക്ഷ ജൂൺ മൂന്നു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1638/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നും രണ്ടും സെമസ്റ്റർ എംഎ, എംഎസ്സി, എംകോം (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2025) പരീക്ഷകൾക്ക് ജൂൺ 10 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 11 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 12 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1639/2025)*

## സബ് സെന്ററുകൾ അനുവദിച്ചു

*ജൂൺ ഒൻപതിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം -പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകൾക്ക് സബ് സെന്ററുകൾ അനുവദിച്ച് വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ജൂൺ മൂന്നു മുതൽ ഹാൾ ടിക്കറ്റുകൾ ലഭിക്കും. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കേന്ദ്രങ്ങളിൽനിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷ എഴുതണം.*

*(പി.ആർ.ഒ/39/1640/2025)*

## പ്രാക്ടിക്കൽ

*രണ്ടം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 11 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1641/2025)*

## സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ; വാക്-ഇൻ-ഇൻറർവ്യൂ

*മഹാത്മാഗാന്ധി സർവകലാശാലയിൽ താൽകാലിക കരാർ അടിസ്ഥാനത്തിൽ സീനിയർ സോഫ്ട് വെയർ ഡെവലപ്പർ നിയമനത്തിനുള്ള വാക്ക്-ഇൻ-ഇൻറർവ്യൂ ജൂൺ അഞ്ചിനു നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ-0481-2733541*

*(പി.ആർ.ഒ/39/1642/2025)*

## പരീക്ഷാ തീയതി

*അഫിലിയേറ്റഡ് കോളേജുകളിലെ എംഎഡ് അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ ജൂൺ 30 മുതൽ നടക്കും.*

..........................

*മൂന്നാം വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആന്റ് മ്യൂസിയോളജി (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2016 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 24ന് നടക്കും. ജൂൺ ഏഴു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 10 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 12 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1643/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ ഹിസ്റ്ററി (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 14 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1644/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ